പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6171      10.07.2012- ൽ മറുപടിയ്ക്ക്

## വെച്ചൂർ പശു സംരക്ഷണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ് | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി). |
| (എ) വെച്ചൂർ പശു സംരക്ഷണ പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ ; | (എ) 'വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന 'അയവിറക്കുന്ന മൃഗങ്ങളുടെ സംരക്ഷണം' എന്ന പേരിൽ 100% കേന്ദ്ര ധനസഹായത്തോടെ സംസ്ഥാനത്ത് ഒരു പദ്ധതി തുടർന്നു വരുന്നുണ്ട്. ഇതിൽ ഉൾപ്പെടുത്തിയാണ് വംശനാശം നേരിടുന്ന കേരളത്തിന്റെ തനതായ നാടൻ പശു ഇനമായ വെച്ചൂർ പശുക്കളെ സംരക്ഷിക്കുന്ന പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി 2011-12-ൽ കേന്ദ്ര ധനസഹായം ലഭിക്കുന്നതിന് കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് 5 ലക്ഷം രൂപയുടെ പദ്ധതി സമർപ്പിച്ചിരുന്നു. കഴിഞ്ഞ വർഷം ഇതിന് അനുമതി ലഭിക്കാതിരുന്നതിനാൽ ഈ വർഷത്തെ പരിഗണനക്കായി സമർപ്പിച്ചിട്ടുണ്ട്. |
| (ബി) ഈ പദ്ധതിയിലൂടെ എന്തൊക്കെ ലക്ഷ്യങ്ങൾ കൈവരിക്കാനാണ് ഉദ്ദേശിച്ചിരുന്നത് ; കൈവരിച്ച ലക്ഷ്യങ്ങളെ സംബന്ധിച്ച് വിവരിക്കാമോ ; | (ബി) വെച്ചൂർ പശുക്കളുടെ വംശനാശ ഭീഷണിയെ നേരിടുക എന്നുള്ളതാണ് പദ്ധതിയുടെ പരമപ്രധാന ലക്ഷ്യം. കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ പ്രൊപ്പോസൽ ഭരണാനുമതി നൽകി കേന്ദ്ര ഗവൺമെന്റിന് അംഗീകാരത്തിനായി അയച്ചു കൊടുത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ പദ്ധതിയ്ക്കായി എന്തു തുക നീക്കിവച്ചിരുന്നു; അതിൽ എന്ത് ചെലവഴിച്ചു ? | (സി) | 2012-13 വാർഷിക ബഡ്ജറ്റിൽ ഈ പദ്ധതിക്കായി കേരള സർക്കാർ 5 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. ഇതുവരെ ഒന്നും ചെലവഴിച്ചിട്ടില്ല. കൂടാതെ നാടൻ കന്നുകാലി വർഗ്ഗങ്ങളുടെ സംരക്ഷണത്തിനായി കാസർഗോഡ് ജില്ലയിലെ ബദിയഡുക്കയിൽ 1 കോടി രൂപ ചെലവിൽ ഒരു ഫാം സ്ഥാപിക്കുവാൻ നടപടി എടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ